മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗ വിപുലീകരണം

93 [275] *ശ്രീ കെ. ബാബു :*

„ *വി. ജെ. പൗലോസ് :*

„ *ജോർജ് ജെ. മാത്യു :*

„ *വർക്കല കഹാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് എത്ര കിലോ മീറ്റർ ദൈർഘ്യത്തിൽ കടൽ തീരമുണ്ട്;

(ബി) മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് എത്ര ഓഫീസുകൾ കടൽത്തീരത്തുണ്ട് ; ഈ വിഭാഗത്തിന് കൂടുതൽ ഓഫീസുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി) പ്രസ്തുത വിഭാഗത്തിന് പ്രവർത്തന ക്ഷമമായതും നിയമം ലംഘിക്കുന്ന വിദേശ അന്യസംസ്ഥാന ബോട്ടുകളെ പിടിക്കാൻ അനുയോജ്യവുമായ എത്ര ബോട്ടുകളുണ്ട് ;

(ഡി) ഈ വിഭാഗത്തിന് എത്ര സ്പീഡ് ബോട്ടുകളുണ്ട് ; ഇവ ആവശ്യത്തിന് മതിയാകുമോ?

(ഇ) ഇല്ലെങ്കിൽ കൂടുതൽ സ്പീഡ് ബോട്ടുകൾ നൽകുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) 590 കിലോ മീറ്റർ.

(ബി) അഞ്ച് ഓഫീസുകൾ. കൂടുതൽ ഓഫീസുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും, നിയമം ലംഘിച്ച് കടലിൽ മത്സ്യബന്ധനം നടത്തുന്നവരെ കണ്ടെത്തുന്നതിനും, കടൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിച്ചു വരുന്നു.

(ഡി) സ്വന്തമായി സ്പീഡ് ബോട്ടുകൾ ഇല്ലാത്തതിനാൽ ആവശ്യത്തിനായി ബോട്ടുകൾ വാടകയ്ക്കെടുത്തു സേവനം നടത്തുന്നു.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly